DWCD/5358/2023-ICDSB2

I/117997/2023


വനിതശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :27-09-2023
Email -wcdicdsb2@gmail.com
Phone : 0471 –2346534


**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ് -2023 ഒക്ടോബർ 2 –ഐ സി ഡി എസ് ദിനാചരണം –മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് –സംബന്ധിച്ച് .

സൂചന:

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഏറ്റവും ബൃഹത്തും സമാനകളില്ലാത്തതുമായ പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. 1975 ഒക്ടോബർ 2 നാണ് ഇന്ത്യയിൽ ആദ്യമായി ഐ സി ഡി എസ് പദ്ധതി ആരംഭിച്ചത് എന്നതിനാൽ ഈ ദിനം അങ്കണവാടി തലത്തിൽ സമുചിതമായി ആചരിച്ചു വരുന്നു .ഈ വർഷവും ഒക്ടോബർ 2 ന് ഐ സി ഡി എസ് ദിനം/ഗാന്ധി ജയന്തി എന്നിവ ആചരിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്

ഐ സി ഡി എസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ,നാളിതുവരെയുള്ള പദ്ധതിയുടെ വളർച്ച , വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുതലായവ പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി അങ്കണവാടി തലത്തിൽ ടി വിഷയത്തിൽ പ്രാവണ്യമുള്ളവരെ ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുമാണ്.

പൊതുജനങ്ങൾക്കുവേണ്ടി വകുപ്പ് നടത്തുന്ന ധനസഹായ പദ്ധതികളും ,സ്ത്രീകൾക്കും കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള child help line ,women help line എന്നിവയും പൊതുജനങ്ങൾക്കു പരിചിതമാക്കണം

ALMSC അംഗങ്ങളുടെ സഹകരണത്തോടെ അങ്കണവാടിയും പരിസരവും ശുചീകരണം, പൂർവ്വ വിദ്യാർഥി സംഗമം എന്നിവ സംഘടിപ്പിക്കേണ്ടതാണ് .

പ്രീ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി ദേശഭക്തി ഗാനങ്ങൾ , ,അങ്കണവാടി പരിസരത്ത് അവരുടെ റാലി എന്നിവ സംഘടിപ്പിക്കാവുന്നതാണ് ,കൗമാരക്കാരായ കുട്ടികൾക്കായി ക്വിസ്, കലാപരിപാടികൾ തുടങ്ങിയവയും സംഘടിപ്പിക്കേണ്ടതാണ്.

പരിപാടിയിൽ ALMSC അംഗങ്ങൾ ,ജനപ്രതിനിധികൾ ,കൗമാരക്കാരായ കുട്ടികൾ ആരോഗ്യ പ്രവർത്തകർ ,സാമൂഹ്യ പ്രവർത്തകർ ,രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ് .ആയതിനു ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് ശിശുവികസന പദ്ധതി ഓഫീസർമാർ നൽകേണ്ടതാണ് .

ഗാന്ധി ജയന്തി/ICDS ദിനാചരണം സംഘടിപ്പിച്ചതിന് ശേഷം ആയതിൻറെ ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ പ്രോഗ്രാം ഓഫീസർമാരും ഒക്ടോബർ 10 തീയതിക്കകം wcdicdsb2@gmail.com എന്ന ഇ- മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് .

**വനിത ശിശുവികസന ഡയറക്ടർ**

**Signed by Priyanka G**
**Date: 27-09-2023 20:50:16**